# മാനത്തോളം വളരാനായി സ്മാർട്ട് സ്ക്കൂൾസ്

അഞ്ച് യു.പി. സ്ക്കൂളുകളും പത്ത് എൽ. പി സ്ക്കൂളുകളുമടക്കം പഞ്ചായത്തിലുള്ള പതിനഞ്ച് വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിച്ച് വിദ്യാഭ്യാസ മേഖലയിൽ മറ്റ് പഞ്ചായത്തുകൾക്കെല്ലാം മാതൃകയായിരിക്കുകയാണ് കോട്ടൂർ പഞ്ചായത്ത്. ലാബുകളോടൊപ്പം തന്നെ അവയോടു ചേർന്ന് ഓരോ സ്ക്കൂളിലും സി.ഡി.ലൈബ്രറിയും പഞ്ചായത്ത് സ്ഥാപിച്ചിട്ടുണ്ട്. വിവിധ പഠന മേഖലകളിൽ ഉൾപ്പെടുന്ന നൂറ്റമ്പതോളം സി.ഡി കളാണ് പഞ്ചായത്ത് സി.ഡി ലൈബ്രറിയിൽ ഒരുക്കിയിരിക്കുന്നത്. മൂന്നു ലക്ഷത്തോളം രൂപ ഇതിനായി പഞ്ചായത്തിനു ചെലവായിട്ടുണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞു പോകുകയും, പല വിദ്യാലയങ്ങളും അടച്ചുപൂട്ടൽഭീഷണി നേരിടുകയും ചെയ്ത ഒരു സാഹതര്യത്തിൽ പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങൾ മികവുള്ളതാക്കാൻ കോട്ടൂർ പഞ്ചായത്ത് ആവിഷ്ക്കരിച്ച പദ്ധതിയാണ് സ്മാർട്ട് സ്ക്കൂൾ പദ്ധതി.

സ്മാർട്ട് സ്ക്കൂൾ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് നടപ്പിലാക്കിയ മറ്റൊരുപദ്ധതിയാണ് 'മാനത്തോളം വളരാം'. വിദഗ്ദരുമായും, അധ്യാപകരുമായും കൂടിയാലോചന നടത്തി പഠിക്കാൻ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പഞ്ചായത്ത് ആവിഷ്ക്കരിച്ച പദ്ധതിയാണ് 'മാനത്തോളം വളരാം'. ഇതിന്റെ ഭാഗമായി പഠിക്കാൻ പിന്നോക്കം നിൽക്കുന്ന ഏഴു വരെയുള്ള വിദ്യാർത്ഥികൾക്കായി ഓരോ വിഷയത്തിലും പഞ്ചായത്ത് പ്രത്യേക പാഠപുസ്തകം അടിച്ചിറക്കി. അധ്യാപകരും, വിദഗ്ദരുമായി കൂടിയാലോചന നടത്തിയാണ് പുസ്തകങ്ങൾക്ക് രൂപം നൽകിയത്.

ഇതു കൂടാതെ വാടകകെട്ടിടത്തിൽ സ്ഥിതി ചെയ്തിരുന്ന രണ്ട് സർക്കാർ വിദ്യാലയങ്ങളെ പ്രവാസികളുടെയും മറ്റും സഹായത്തോടെ സ്വന്തമായി ഭൂമി വാങ്ങി പുതിയ കെട്ടിടം പണിത് പഞ്ചായത്ത് മാറ്റി സ്ഥാപിക്കുകയുമുണ്ടായി.

എല്ലാറ്റിനേക്കാളുമുപരി സ്ക്കൂളുകളിൽ നിന്നും മികവുള്ള കുട്ടികളെ തിരഞ്ഞെടുത്ത് അവർക്ക് LSS,USS പരീക്ഷകളെ നേരിടുന്നതിനുള്ള കോച്ചിംഗ് ക്ലാസ്സുകളും പഞ്ചായത്ത് നടത്തി വരുന്നു. അധ്യാപനത്തിൽ മികവ് വരുത്താൻ അധ്യാപകർക്കായി പ്രത്യേക കമ്പ്യൂട്ടർ ട്രെയിനിംഗും കുട്ടികളിൽ നിന്നും മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കാൻ LSS ഉം USS ഉം നേടിയ കുട്ടികൾക്ക് കാഷ് അവാർഡും പഞ്ചായത്ത് നൽകുന്നുണ്ട്.

പുതിയ പ്രിലിമിനറി സ്ക്കൂളുകൾ ആരംഭിച്ച് സർക്കാർ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണം കൂട്ടിയും സബ് ജില്ല കലോത്സവത്തിനു മുന്നോടിയായി പഞ്ചായത്ത് തലത്തിൽ കലാ-കായിക മേളകൾ സംഘടിപ്പിച്ചു വിദ്യാഭ്യാസ മേഖലയിൽ പുതിയൊരു ചരിത്രം രചിച്ചു കൊണ്ട് മുന്നേറുകയാണ് കോഡൂർ പഞ്ചായത്ത്. പഞ്ചായത്ത് കരസ്ഥമാക്കിയ സർവ്വ ശിക്ഷ അഭിയാന്റെ 'മികവ്' അംഗീകാരം വിദ്യാഭ്യാസ മേഖലയിൽ കോഡൂർ കൈവരിച്ച നേട്ടങ്ങൾക്കുദാഹരണമാണ്.

ജില്ല - മലപ്പുറം
പഞ്ചായത്ത് - കോഡൂർ
പ്രസിഡന്റ് - സി.എച്ച്. മുഹമ്മദലി
0483-2868756

Nileena Atholi